വ്യാജചാരായം റെയ്ഡുകൾ

120 (3752) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യാജചാരായം പിടിച്ചെടുക്കുന്നതിനുള്ള എത്ര റെയ്ഡുകൾ നടന്നു എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റെയ്ഡുകളിലൂടെ എത്ര ലിറ്റർ വ്യാജചാരായം/മദ്യം ആണ് പിടിച്ചെടുത്തതെന്ന് അറിയിക്കാമോ ; ഇക്കാലയളവിൽ എത്ര വ്യാജചാരായ കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രായപൂർത്തിയാകാത്തവരുടെ പേരിലും ആദിവാസി മേഖലകളിലും ഇത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത കേസുകളിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; എത്ര കേസുകളിൽ പ്രതികളെ ശിക്ഷിക്കുകയുണ്ടായി; കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റപത്രത്തിൽ റദ്ദ് ചെയ്യപ്പെട്ടവ എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജചാരായം പിടിച്ചെടുക്കുന്നതിനുള്ള എത്ര റെയ്ഡുകൾ നടത്തി എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത റെയ്ഡുകളിലൂടെ 17547 ലിറ്റർ വ്യാജചാരായം 29925 ലിറ്റർ മദ്യം എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. 2757 വ്യാജചാരായ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) ഉണ്ട്. പ്രായപൂർത്തിയാകാത്തവരുടെ പേരിൽ 2 കേസ്സുകളും ആദിവാസി മേഖലകളിൽ 150 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2757 കേസ്സുകളിലായി ചാർജ് ഷീറ്റ് കോടതി മുമ്പാകെ സമർപ്പിക്കുകയും അതിൽ 363 പ്രതികളെ നാളിതുവരെ ശിക്ഷിച്ചിട്ടുമുണ്ട്. കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റപത്രത്തിൽ ഒന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly